(സി) കായംകുളം താപനിലയത്തിന്റെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) പ്രതിവർഷം 3941.9 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള അധിക ഉല്പാദന ശേഷി കൈവരിച്ചിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി വെച്ചിട്ടുണ്ട്.†

(സി) 1950 മെഗാവാട്ട് കൂടി ഉല്പാദന ശേഷി വർദ്ധിപ്പിക്കണമെന്ന് അപേക്ഷിച്ചു കൊണ്ട് കേന്ദ്ര ഗവൺമെന്റിന് കത്തയച്ചിട്ടുണ്ട്. കേന്ദ്ര ഊർജ്ജ മന്ത്രിയെ സംസ്ഥാന ഇലക്ട്രിസിറ്റിയും സഹകരണവും വകുപ്പു മന്ത്രി നേരിൽ കണ്ട് ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

വിദ്യുച്ഛക്തി ഉല്പാദന വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനായി നടപടി

83 (248) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യുച്ഛക്തി ഉല്പാദന വിതരണ രംഗം കാര്യക്ഷമമാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യുച്ഛക്തി വകുപ്പ് വിഭജിക്കുന്നതിനും എന്തെങ്കിലും നിർദ്ദേശങ്ങൾ ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) വരുംവർഷങ്ങളിലെ വിദ്യുച്ഛക്തിയുടെ ഉപഭോഗം കണക്കിലെടുത്ത് വൈദ്യുതി ഉല്പാദന രംഗത്ത് എന്തൊക്കെ മുൻ കരുതൽ നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ആന്റ് (സി) ഉദ്ദേശമില്ല.

(ഡി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

വൈദ്യുതി ഉല്പാദനവും ഉപഭോഗവും

84 (249) ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

---

†അനുബന്ധം XII, XIII

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തെ ഇപ്പോഴത്തെ പ്രതിദിന വൈദ്യുതി ഉപഭോഗം എത്രയെന്ന് ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ വിവിധ വൈദ്യുതി പദ്ധതികളിൽ നിന്ന് എത്ര വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത് ;

(സി) സംസ്ഥാനത്ത് നിലവിലുള്ള ലോഡ്ഷെഡ്ഡിംഗ് എന്നത്തേക്ക് പിൻവലിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശരാശരി 34.12 മില്യൻ യൂണിറ്റ്.

(ബി)

ജലവൈദ്യുതി	–	19 മി.യൂണിറ്റ്
ഡീസൽ വി.ഡി.പി.പി.	–	1.43 "
ഡീസൽ കെ.ഡി.പി.പി.	–	0.94 "
താപനിലയം എൻ.റ്റി.പി.സി.	–	4.22 "

(സി) പ്രസരണ വിതരണ ശൃംഗലയുടെ ശേഷിക്കുറവ് മൂലമാണ് ലോഡ്ഷെഡ്ഡിംഗ് തുടരുന്നത്. ശേഷി വർദ്ധിപ്പിക്കൽ ത്വരിതഗതിയിൽ നടന്നു വരുന്നു. 2000-ാമാണ്ട് മദ്ധ്യത്തോടെ ലോഡ്ഷെഡ്ഡിംഗ് പിൻവലിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സംസ്ഥാന ഗവൺമെന്റിന്റെ വൈദ്യുതി നയം

85 (250) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. എം. മാണി:
ശ്രീ. സി. എഫ്. തോമസ്:
ശ്രീ .കെ .നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് വൈദ്യുതി നയം പ്രഖ്യാപിച്ചതിന് ശേഷം ഈ മേഖലയിൽ എന്തൊക്കെ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നിർമ്മാണത്തിലിരുന്നതും, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ ചെയ്തതുമായ ഏതൊക്കെ പദ്ധതികളുണ്ടെന്നും അവയിൽ നിന്ന് അധികമായി എന്ത് വൈദ്യുതി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞുവെന്നും അറിയിക്കാമോ;

(സി) വൈദ്യുതി ചാർജ്ജ് വർദ്ധനവുമൂലം പ്രതിസന്ധിയിലായ വ്യവസായങ്ങളെ സഹായിക്കുന്നതിന് എന്തൊക്കെ ആശ്വാസ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly